# വൈദ്യുതി ബോർഡിനു വേണ്ടത് അതിരപ്പിള്ളിയും പാത്രക്കടവുമല്ല

എസ്. പി. രവി

**കോടതിവിധികളെയും പൊതുതെളിവെടുപ്പുകളിൽ പ്രകടമായ ജനവികാരത്തെയും നിരാകരിച്ചുകൊണ്ട് അതിരപ്പിള്ളി വൈദ്യുതപദ്ധതി നടപ്പിലാക്കാൻ അധികൃതർ ശ്രമിക്കുകയാണ്. വികസന ലേബൽ ഒട്ടിച്ച് വിനാശകരമായ പദ്ധതി നടപ്പിലാക്കുന്നതിനെതിരെ നിയമനടപടികളും സമര-പ്രചരണ പരിപാടികളും ചാലക്കുടി റിവർ പ്രൊട്ടക്ഷൻ ഫോറം ശക്തമാക്കുകയാണ്.**

സംസ്ഥാനത്തെ വൈദ്യുതി മേഖലയ്ക്ക് ഇന്നാവശ്യം അതിരപ്പിള്ളിയും പാത്രക്കടവുമല്ല. മറിച്ച് മേഖല ഇന്നു നേരിടുന്ന യഥാർത്ഥ പ്രശ്നങ്ങളെക്കുറിച്ചുള്ള തിരിച്ചറിവും സ്ഥായിയായ പരിഹാരമാർഗ്ഗങ്ങളുമാണ്. വൈദ്യുതി മേഖലയെക്കുറിച്ച് നിലവിലുള്ള (പലപ്പോഴും ബോധപൂർവ്വം വളർത്തിയെടുത്തിട്ടുള്ള) ചില ധാരണകൾ നമുക്കാദ്യം പരിശോധിക്കേണ്ടതുണ്ട്.

കേരളത്തിൽ ആവശ്യത്തിനു വൈദ്യുതി ലഭ്യമല്ലെന്നു കരുതുന്ന കുറെയാളുകളെങ്കിലും നമ്മുടെ നാട്ടിലുണ്ട്. എന്നാൽ വൈദ്യുതി കാര്യത്തിൽ നമ്മൾ മിച്ച സംസ്ഥാനമാണ്. സംസ്ഥാനത്തിലുള്ള ജലവൈദ്യുതിനിലയങ്ങളിൽ നിന്നും 7000 ദശലക്ഷം യൂണിറ്റോളവും (7000 MU) ഇവിടെയുള്ള താപനിലയങ്ങളിൽ നിന്നും 5000 MU വോളവും കേന്ദ്രവിഹിതമായി 7000 MU വുമടക്കം പ്രതിവർഷം ശരാശരി 19000 MU വൈദ്യുതിയോളം ഇവിടെ ലഭ്യമാണ്. എന്നാൽ KSEB യുടെ കണക്ക് പ്രകാരം നടപ്പുവർഷത്തെ (2006-07) വൈദ്യുതി ആവശ്യകത 13768 MU വാണ് (ARR 2006-07). അതായത് 5000 ദശലക്ഷം യൂണിറ്റിലധികം വൈദ്യുതിയുടെ അധിക ലഭ്യതയുണ്ടിവിടെ.

ഭാവിയിൽ വൈദ്യുതിയുടെ ഉപഭോഗം കുത്തനെ ഉയരുമെന്നും പുതിയ പദ്ധതികൾ നടപ്പിലാക്കിയില്ലെങ്കിൽ നാട് അന്ധകാരത്തിലേക്കോ ശിലായുഗത്തിലേക്കോ പോകുമെന്ന മട്ടിലാണ് മറ്റൊരു പ്രചരണം. ഭാവിയിലെ വൈദ്യുതി ആവശ്യകതയെക്കുറിച്ച് പുറത്തുവിടുന്ന കണക്കുകൾ (Future demand projections) എന്നും അതിശയോക്തിപരമാണ്. ഓരോ കാലഘട്ടത്തിലും കൊണ്ടുവരുന്ന പുതിയ പദ്ധതികളെ ന്യായീകരിക്കാനുള്ള, തട്ടിപ്പുകൾക്ക് കളമൊരുക്കാനുള്ള, സാഹചര്യമൊരുക്കുന്നത് ഈ തെറ്റായ ഭാവിപ്രവചനമാണ്.

1990 കളുടെ ആരംഭത്തിൽ 2000-01 ആണ്ടോടെ കേരളത്തിൽ പ്രതിവർഷം 18000 മുതൽ 20,000 ദശലക്ഷം യൂണിറ്റ് വരെ വൈദ്യുതി വേണ്ടിവരുമെന്ന് പ്രചരിപ്പിച്ചിരുന്നു. എന്നാൽ 2000-01 ആണ്ടിൽ ഇവിടെ ആവശ്യമായത് 12500 ദശലക്ഷം യൂണിറ്റോളം മാത്രമാണ്. (അതുതന്നെ 32 ശതമാനത്തോളം പ്രസരണ വിതരണനഷ്ടം കൂടി ചേർത്താണ്) കേന്ദ്രത്തിന്റെ 16-ാം പവർ സർവ്വേ പ്രകാരം 2003-04ൽ 17786 MU ലും 2004-05ൽ 19199 MU വും വേണ്ടിവരേണ്ടിയിരുന്ന സ്ഥാനത്ത് യഥാർത്ഥ ആവശ്യകത യഥാക്രമം 12455 MU വും 12504 MU വും മാത്രമായിരുന്നു. ഇതേ സർവ്വേ പ്രകാരം 2003-04 ലെ കൂടിയ (വൈകുന്നേരത്തെ) ആവശ്യകത 3359 മെഗാവാട്ടും 3359 MW) 2006-07ൽ (നടപ്പുവർഷം) 4304 MW വും 2011-12ൽ 6406 MW വും ആയിരിക്കുമെന്ന് പറയുമ്പോൾ ഇപ്പോഴത്തെ കൂടിയ ആവശ്യകത 2500 മെഗാവാട്ടോളം മാത്രമാണ്.

1990 ൽ വൈദ്യുതി ഉപയോഗം പ്രതിവർഷം ശരാശരി 500 ദശലക്ഷം വർദ്ധിച്ചിരുന്നു. ഇന്ന് അബദ്ധമെന്ന് തിരിച്ചറിയുന്ന, കഞ്ചിക്കോട് മേഖലയിൽ തുടങ്ങിയ ഇരുമ്പുരുക്ക് വ്യവസായങ്ങൾ ഉപഭോഗത്തിലെ ഈ വർദ്ധവിൽ വലിയ പങ്കുവഹിച്ചിരുന്നു. (വളരെ കുറഞ്ഞ നിരക്കിൽ വൈദ്യുതി കൊടുത്തിരുന്ന ഈ വ്യവസായങ്ങൾ പലതും വൈദ്യുതി മോഷണത്തിലും മുൻപന്തിയിലായിരുന്നു.) 2000-01 മുതൽ 5 വർഷക്കാലം വൈദ്യുതിയുടെ ആവശ്യകത ഒട്ടും തന്നെ വർദ്ധിച്ചിരുന്നില്ല. യഥാർത്ഥ ഉപയോഗത്തിലെ വർദ്ധന ഈ കാലയളവിൽ കുറഞ്ഞിരുന്നതും അതിനുതുല്യമായ വൈദ്യുതി. പ്രസരണ വിതരണ നഷ്ടത്തിൽ വരുത്തിയ കുറവുവഴി ഈ വർദ്ധനവിനനുസരിച്ചു വൈദ്യുതി കണ്ടെത്താൻ കഴിഞ്ഞതും ഇതിനുകാരണമായി വൈദ്യുതി നിരക്കിൽ വന്ന വർദ്ധന ഉപഭോഗം കുറക്കുന്നതിൽ പങ്ക് വഹിച്ചിട്ടുണ്ട്. 2003-04ൽ രൂക്ഷമായ വരൾച്ച മൂലം കുറച്ച് വൈദ്യുതി ക്ഷാമമുണ്ടായിരുന്നു.)

കഴിഞ്ഞ കുറെ വർഷങ്ങളായി പ്രധാനമായും ഗാർഹിക മേഖലയിലും വാണിജ്യമേഖലയിലുമാണ് വൈദ്യുതി ഉപയോഗം വർദ്ധിക്കുന്നത്. സാദ്ധ്യമായതിൽ ഭൂരിഭാഗം വീടുകളും വൈദ്യുതീകരിച്ചു കഴിഞ്ഞതിനാൽ ഗാർഹിക മേഖലയിലെ വർദ്ധന നിരക്ക് പരിമിതമായിരിക്കും. തൊഴിൽ രംഗത്ത് ഐ.ടി., ടൂറിസം മേഖലകളാണിന്നു വളരുന്നതെന്നതിനാൽ അവിടെയും വൻകിടവ്യവസായങ്ങളുടെ രീതിയിലുള്ള ഉപഭോഗവർദ്ധനവിനു സാദ്ധ്യതയില്ല. ഇതെല്ലാം കണക്കിലെടുക്കുമ്പോൾ വരും വർഷങ്ങളിൽ വൈദ്യുതി ഉപഭോഗം മിതമായ രീതിയിൽ മാത്രമെ വർദ്ധിക്കാൻ സാദ്ധ്യതയുള്ളൂ. ഇപ്പോഴത്തെ അധിക ലഭ്യതയായ 5000 ദശലക്ഷം യൂണിറ്റും പണിനടന്നുകൊണ്ടിരിക്കുന്ന ചില ചെറു പദ്ധതികളിൽ നിന്നുള്ള ഉൽപാദനവും കൊണ്ടുതന്നെ അടുത്ത കുറെ വർഷ

ങ്ങളിലെ ആവശ്യകത നിറവേറപ്പെടും. അതോടൊപ്പം പ്രസരണവിതരണനഷ്ടം 15 ശതമാനമെങ്കിലുമാക്കി കുറച്ചാൽ അടുത്ത 10 വർഷത്തേക്കെങ്കിലും ഇവിടെ പുതിയ നിലയങ്ങൾ ആവശ്യമായി വരില്ല. (ഊർജ്ജക്ഷമതയേറിയ പുതിയ സാങ്കേതിക വിദ്യകൾ സമീപഭാവിയിൽ തന്നെ ഈ രംഗത്ത് കാര്യമായ മാറ്റങ്ങൾ വരുത്താൻ സാദ്ധ്യത ഉണ്ടെന്നതിനാൽ 10 വർഷത്തിനപ്പുറത്തെ കാര്യങ്ങൾ ഇപ്പോൾ ആസൂത്രണം ചെയ്യുന്നത് ബുദ്ധിപൂർവ്വകമായിരിക്കുകയില്ല.)

ജലവൈദ്യുത പദ്ധതികളിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിച്ചാൽ അതിന് വില വളരെ കുറവാണെന്നതാണ് മറ്റൊരു വാദം. പഴയ വൈദ്യുതി നിലയങ്ങളിലെ മുതൽമുടക്കെല്ലാം തിരികെ കിട്ടികഴിഞ്ഞുവെന്നതിനാൽ അവയിൽ നിന്നുള്ള വൈദ്യുതിക്ക് ഇന്ന് താരതമ്യേന വില കുറവാണ്. എന്നാൽ ഇവിടെ പോലും അധികൃതർ പറയുന്ന കണക്കുകൾ ശരിയല്ല. കാരണം നിലയങ്ങൾ പ്രവർത്തിക്കാനാവശ്യമായ ജീവനക്കാരുടെ ചെലവ് അറ്റകുറ്റപ്പണികൾക്ക് വേണ്ടിവരുന്ന ചെലവ് തുടങ്ങിയവയെല്ലാം വേറെ കണക്കിലാണ് പെടുത്തുന്നത്. അത്തരം ചെലവുകൾ കൂടി ന്യായമായും വൈദ്യുതിയുടെ വിലയുടെകൂടെ ചേരണം. (പാരിസ്ഥിതികവും സാമൂഹികവുമായ cost ഇവിടെ കണക്കാക്കുന്നില്ല.) പുതിയ ജലവൈദ്യുത പദ്ധതികളെ സംബന്ധിച്ച് ചെലവ് കുറവ് എന്ന സങ്കൽപ്പം തെറ്റാണ്. അടുത്തകാലത്ത്, നിലവിലുള്ള നിലയങ്ങളിൽ നടത്തിയ എക്സ്റ്റൻഷൻ പണികൾ പോലും സാമ്പത്തിക നഷ്ടത്തിലാണ് കലാശിച്ചതെന്ന് CAG തന്നെ പറയുന്നു. (കുറ്റ്യാടി, ചെങ്കുളം പദ്ധതികളുടെ നവീകരണം Etc.) പുതിയ ജലവൈദ്യുത പദ്ധതികൾ മറ്റേത് സ്രോതസ്സിനോളമോ, അതിനേക്കാൾ അധികമോ ചെലവുവരുന്നതാണ്. ജലവൈദ്യുത പദ്ധതികൾക്ക് മൂലധനചെലവ് വളരെ അധികമാണ്. പുതിയ നിലയങ്ങളിൽ നിന്നും തുടർച്ചയായി ഉൽപ്പാദിപ്പിക്കവുന്ന വൈദ്യുതിയുടെ ശേഷിവെച്ച് കണക്കാക്കിയാൽ താപനിലയങ്ങളെക്കാൾ 4–5 ഇരട്ടിയെങ്കിലും മൂലധന ചെലവ് ഇവയ്ക്ക് വേണ്ടിവരും കാരപ്പാറ–കുരിയാർകുറ്റി പദ്ധതിയിൽ നിന്നും വൈദ്യുതിനിരക്ക് വളരെ കൂടുതലായിരിക്കുമെന്ന് KSEB തന്നെ സമ്മതിക്കുന്നു. അതിരപ്പിള്ളി പദ്ധതിയുടെ ചെലവിനെ സംബന്ധിച്ച് കേന്ദ്ര വൈദ്യുതി അതോറിറ്റിയെ തെറ്റിദ്ധരിപ്പിച്ചാണ് ടെക്നോ - ഇക്കണോമിക് സാംഗ്ഷൻ വാങ്ങിയിരിക്കുന്നത്. (2000-ാം ആണ്ടിൽ 414 കോടി രൂപയ്ക്ക് ടെണ്ടർ ചെയ്തിരുന്ന പദ്ധതികൾ 385 കോടി രൂപയ്ക്ക് നടപ്പിലാക്കുമെന്നകണക്കിലാണ് 2005ൽ CEA സാങ്കേതിക–സാമ്പത്തിക അനുമതി നൽകിയിരിക്കുന്നത്. ഇപ്പോഴത്തെ കണക്ക് പ്രകാരം 650 കോടി രൂപയെങ്കിലും അതിരപ്പിള്ളിക്ക് കണക്കാക്കണം. KSEB യുടെ മുൻകാല ചരിത്രം കണക്കാക്കിയാൽ എസ്റ്റിമേറ്റ് തുകയുടെ എത്രയോ ഇരട്ടിയായിരിക്കും യഥാർത്ഥ ചെലവ്. പാത്രക്കടവിൽ KSEB പറയുന്ന വൈദ്യുതി കിട്ടാന് യാതൊരു സാദ്ധ്യതയുമില്ല. 1982 നെ അപേക്ഷിച്ച് കുന്തിപ്പുഴയിൽ ജലലഭ്യതയിൽ 70 ശതമാനത്തോളം വർദ്ധനവുണ്ടായിയെന്നാണ് പാത്രക്കടവിനുവേണ്ടിയുള്ള KSEB യുടെ കണക്കുകൾ കാണിക്കുന്നത്. ഇത് തീർത്തും അസംഭവ്യമാണ്. ഈ രണ്ട് നിലയങ്ങളിൽ നിന്നും ഏറ്റവും ചുരുങ്ങിയത് യൂണിറ്റുകൾ 6 മുതൽ 8 രൂപ വരെ നിരക്കിൽ വിറ്റാൽ മാത്രമേ ഇവ ലാഭകരമാകൂ.

പീക്ക് സമയത്തെയും മറ്റുസമയങ്ങളിലെയും വൈദ്യുതിയുടെ ആവശ്യകതയിൽ വലിയ അന്തരമാണുള്ളത്. വൈകുന്നേരം 6 മണിമുതൽ 10 മണിവരെ 2400–2500 മെഗാവാട്ട് വൈദ്യുതി ആവശ്യമായിരിക്കേ മറ്റു സമയങ്ങളിൽ ഇത് 1400 മെഗാവാട്ടോളം മാത്രമാണ്. ഇത് ബോർഡ് ഇന്ന് നേരിടുന്ന പ്രധാന പ്രശ്നമാണ്. എന്നാൽ ഇതിനു പരിഹാരമായി സ്ഥാപിതശേഷി വിശേഷിച്ച് ജലവൈദ്യുതിപദ്ധതികളുടേത്, വർദ്ധിപ്പിക്കുകയും നിലവിലുള്ള ജലവൈദ്യുതി നിലയങ്ങൾ പീക്ക് സ്റ്റേഷനുകളാക്കി മാറ്റുകയുമാണ് അധികൃതർ കാണുന്ന പോംവഴി. ഇത് ശരിയായ രീതിയല്ല. പീക്ക്-ഓഫ് പീക്ക് സമയങ്ങളിലെ ഡിമാന്റ് തമ്മിലുള്ള അനാരോഗ്യകരമായ അന്തരം കുറയ്ക്കാനുള്ള മാർഗ്ഗങ്ങളാണ് യഥാർത്ഥത്തിൽ ആരായേണ്ടത്. supply side management ആണ് ഇതിനാവശ്യം. വൈകുന്നേരങ്ങളിലെ ഡിമാന്റ് കുറക്കാനുള്ള നിരവധി പ്രായോഗിക നിർദ്ദേശങ്ങൾ ബോർഡിനു പുറത്തുള്ള വിദഗ്ദ്ധർ ചൂണ്ടികാണിച്ചിട്ടുണ്ടെങ്കിലും അവയൊന്നും നടപ്പിലാക്കാൻ KSEB ശുഷ്കാന്തി കാണിക്കുന്നില്ല. കേവലം വ്യാപകവും ആത്മാർത്ഥവുമായ പ്രചാരണം വഴി മാത്രം വൈകുന്നേരത്തെ ഡിമാന്റിൽ 200–300 മെഗാവാട്ട് കുറയ്ക്കാൻ കഴിയും. വൈകുന്നേരത്തെ ഉപഭോഗം പ്രത്യേകമായികണക്കാക്കാനും അതിൽ പകൽസമയത്തെ അപേക്ഷിച്ച് ഉയർന്ന നിരക്ക് ഈടാക്കാനും കഴിയും. ഇത് പീക്ക് സമയത്തെ ഉപയോഗം കുറക്കാൻ ഉപഭോക്താക്കളെ പ്രേരിപ്പിക്കും. പ്രസരണ വിതരണ നഷ്ടം വൈകുന്നേരങ്ങളിൽ മറ്റുസമയത്തെ അപേക്ഷിച്ച് വളരെയധികമാണെന്ന് ചില പഠനങ്ങൾ കണക്കാക്കുന്നുണ്ട്. (എന്നാൽ ഇക്കാര്യത്തെക്കുറിച്ച് ബോർഡിനുയാതൊരു ധാരണയുമില്ലെന്നതാണ് സത്യം). ഇതിൽ കുറവുവരുത്തുന്നതും പീക്ക് ഡിമാന്റ് കുറയ്ക്കും.

വൈകുന്നേരങ്ങളിലെ വർദ്ധിച്ചുവരുന്ന ആവശ്യകത നേരിടാനെന്ന പേരിൽ ജലവൈദ്യുത നിലയങ്ങൾ പ്രധാനമായും ഈ സമയത്തുമാത്രം പ്രവർത്തിക്കുന്നത് ഈ നിലയങ്ങൾ സ്ഥിതിചെയ്യുന്ന പുഴകളെയും ആവയെ ആശ്രയിക്കുന്ന ജനങ്ങളെയും ഗുരുതരമായി ബാധിക്കുന്നുണ്ടെന്നു കൂടി നമ്മൾ തിരിച്ചറിയണം. വൈദ്യുതോൽപ്പാദനം പ്രധാനമായും വൈകുന്നേരം മാത്രമാകുന്നതോടെ ഇവയ്ക്ക് താഴെ പുഴകൾ (ജനവാസകേന്ദ്രങ്ങളിലെത്തുമ്പോൾ) രാത്രികാലങ്ങളിൽ മാത്രമൊഴുകുന്ന അവസ്ഥയിലാകും. പീക്ക് ഡിമാന്റ് കൂടുന്നുവെന്ന ന്യായത്തിൽ സ്ഥാപിതശേഷി വർദ്ധിക്കുകയും പിന്നീടിതിൽ പല നിലയങ്ങളും പൂർണ്ണമായോ, ഭാഗികമായോ വെറുതെ കിടക്കുന്നത് ബോർഡിനു വൻ സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നുണ്ട്.

കൺവീനർ, ചാലക്കുടി റിവർ പ്രൊട്ടക്ഷൻ ഫോറം (CPF)
പരിയാരം പി.ഒ., ചാലക്കുടി, തൃശ്ശൂർ ജില്ല.